കുടിവെള്ള പദ്ധതികൾക്കായി ഫെഡറൽ ബാങ്കിൽ നിന്നും ലഭിച്ച തുക

83 [1020] *ശ്രീ. ആർ. ബാലകൃഷ്ണപിള്ള:*

„ *ജോണി നെല്ലൂർ:*

„ *കെ. ബി. ഗണേഷ്കുമാർ:*

„ *ടി. എം. ജേക്കബ്:*

„ *ഷിബു ബേബിജോൺ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കുടിവെള്ള പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്;

(ബി) അവ ഏതെല്ലാം; ഓരോന്നിന്റേയും അടങ്കൽ തുകയെത്ര;

(സി) കുടിവെള്ള പദ്ധതികൾക്കായി ഫെഡറൽ ബാങ്കിൽനിന്നും എത്ര കോടി രൂപ ലഭ്യമാക്കിയിട്ടുണ്ട്;

(ഡി) ഏതെല്ലാം പദ്ധതികൾക്ക് എന്നാണ് ഈ തുക നൽകുന്നതിനുള്ള തീരുമാനം ഫെഡറൽ ബാങ്ക് വാട്ടർ അതോറിറ്റിയെ അറിയിച്ചത്?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റി 89 പദ്ധതികളുടെയും ജലനിധി 213 പദ്ധതികളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) 100 കോടി രൂപയുടെ വായ്പ തരാമെന്ന് ഫെഡറൽ ബാങ്ക് സമ്മതിച്ചിട്ടുണ്ട്. അതിൽ 10 കോടി രൂപയുടെ വായ്പ ലഭ്യമായിട്ടുണ്ട്.

(ഡി) കൊച്ചി അഡ്ഹോക് ഓഗ്മെന്റേഷൻ പദ്ധതിക്കുവേണ്ടി 50 കോടി രൂപയുടെ വായ്പാ ഉടമ്പടി 26-3-2004-ൽ ഒപ്പുവച്ചു. തൃപ്പൂണിത്തുറ ഓഗ്മെന്റേഷൻ പദ്ധതിക്കായി 50 കോടി രൂപയുടെ ഉടമ്പടി ഫെഡറൽ ബാങ്കിന്റെ 5-7-2005-ലെ കത്ത് പ്രകാരം ഉടൻതന്നെ ഒപ്പ് വയ്ക്കാമെന്ന് അറിയിച്ചിട്ടുണ്ട്.

കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്തിലെ ശുദ്ധജല വിതരണ പദ്ധതികൾ

84 [1021] *ശ്രീ. കളത്തിൽ അബ്ദുള്ള:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്തിലെ പൊറ്റശ്ശേരി ഒന്ന്, രണ്ട് വില്ലേജുകൾക്ക് വേണ്ടിയുള്ള കേന്ദ്രീകൃത ഗ്രാമീണ ശുദ്ധജല വിതരണ

† അനുബന്ധം VII

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതിയുടെയും എൽ. ഐ. സി. സഹായത്തോടെ തച്ചംപാറ കാരാകുറുശ്ശി വില്ലേജുകൾക്ക് വേണ്ടിയുള്ള ഗ്രാമീണ ശുദ്ധജല വിതരണപദ്ധതിയുടെയും സ്രോതസ്സ് ഏതാണ്;

(ബി) ഈ പദ്ധതികളുടെ സ്രോതസ്സ്, ശുദ്ധീകരണശാല എന്നിവ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം ഇപ്പോൾ ആരുടെ അധീനതയിലാണ്;

(സി) ജലവിഭവവകുപ്പിന്റെ അധീനതയിലുള്ള സ്ഥലം അതേ വകുപ്പിന് കീഴിലുള്ള കെ. ഡബ്ല്യൂ. എ. യ്ക്ക് കൈമാറുന്നതിനുള്ള നടപടിക്രമങ്ങൾ എന്താണ്; എന്തു നടപടി സ്വീകരിച്ചു;

(ഡി) പ്രസ്തുത സ്ഥലം എന്ന് കൈമാറുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കാഞ്ഞിരപ്പുഴ ജലസംഭരണി.

(ബി) ജലവിഭവ വകുപ്പിന്റെ.

(സി) & (ഡി) കേരള വാട്ടർ അതോറിറ്റി ഒരു സ്വയംഭരണ സ്ഥാപനമായതിനാൽ സ്ഥലവില ഈടാക്കി മാത്രമേ സർക്കാർ വക സ്ഥലം പതിച്ചുനൽകാൻ കഴിയുകയുള്ളൂ. സ്ഥലം കൈമാറുന്നതു സംബന്ധിച്ച നിർദ്ദേശം പരിശോധിച്ചുവരുന്നു.

സൗജന്യ വാട്ടർ കണക്ഷൻ

85 [1022] *പ്രൊഫ. കെ. വി. തോമസ്:*
ശ്രീ. വി. ഡി. സതീശൻ:
,, ലൂഡി ലൂയിസ്:
,, ടി. എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റി ഏതെങ്കിലും മതസ്ഥാപനങ്ങൾക്കോ മറ്റ് സ്ഥാപനങ്ങൾക്കോ സൗജന്യ വാട്ടർ കണക്ഷൻ നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങൾ എന്ന് വെളിപ്പെടുത്താമോ;

(സി) ഇതേ വിഭാഗത്തിൽപ്പെട്ട മറ്റ് സ്ഥാപനങ്ങൾക്ക് ഇപ്രകാരം സൗജന്യ വാട്ടർ കണക്ഷൻ നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) ഇവയ്ക്കും സൗജന്യമായി വാട്ടർ കണക്ഷൻ നൽകുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) — (ഡി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly